# പതിനാലാം കേരള നിയമസഭ

## എഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1128 10.08.2017-ൽ മറുപടിക്ക്

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റത്തിൽ വിവാദം ഉയർന്നിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) 2010 ൽ സ്ഥാനക്കയറ്റം ലഭിച്ചുവന്ന പ്രിൻസിപ്പൽമാരുടെ സീനിയോറിറ്റി മറികടന്ന് 2015 ൽ പ്രമോഷൻ ലഭിച്ചവരുടെ അപേക്ഷകൾക്ക് പ്രാമുഖ്യം നൽകി എന്ന ആരോപണം ഉയർന്നു വന്നിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രിൻസിപ്പൽമാരുടെ സ്ഥലംമാറ്റത്തിനു നിലവിൽ പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; ഇല്ലെങ്കിൽ സ്ഥലംമാറ്റത്തിനു അപേക്ഷ നൽകുമ്പോൾ ആർക്ക് ഏതടിസ്ഥാനത്തിലാണ് പ്രാമുഖ്യം നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) ഇല്ല. ഹയർ സെക്കന്ററി ടീച്ചർമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ ടി മാനദണ്ഡങ്ങൾ കൂടി പരിശോധിച്ച് പ്രിൻസിപ്പൽമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) വളരെ പിന്നോക്കാവസ്ഥയിലുള്ള സ്ഥലത്ത് ജോലി ചെയ്യുന്നവർക്കു സ്ഥലംമാറ്റം കിട്ടാതിരിക്കുമ്പോൾ അടുത്ത കാലത്ത് മാത്രം പ്രിൻസിപ്പലായി സ്ഥാനക്കയറ്റം ലഭിച്ചവർ ഇഷ്ടസ്ഥലങ്ങളിലേക്കു മാറിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ചില സ്കൂളുകളിൽ വിദ്യാഭ്യാസ നിലവാരം താഴ്ന്ന എന്ന കാരണത്താൽ പ്രിൻസിപ്പൽമാരെ മാറ്റിയിട്ടുണ്ടോ; എങ്കിൽ എത്ര അദ്ധ്യാപകന്മാരെ ഈ കാരണത്താൽ ഏതെല്ലാം സ്കൂളുകളിലേക്ക മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഇ) | ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടില്ല. |
| (എഫ്) | മാറ്റപ്പെട്ട അദ്ധ്യാപകന്മാർക്ക ബദലായി വന്നവർ പ്രവർത്തിച്ച സ്കൂളിൽ മികവ് കാട്ടിയവരാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എഫ്) | ബാധകമല്ല. |
| (ജി) | പ്രിൻസിപ്പൽമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച കൃത്യമായ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ മാർഗ്ഗരേഖ തയ്യാറാക്കുന്നതിനെക്കുറിച്ച് ആലോചനയുണ്ടോ; മാർഗ്ഗരേഖ അത്യന്താപേക്ഷിതമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ? | (ജി) | ഇല്ല. ഹയർ സെക്കന്ററി ടീച്ചർമാർക്കുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ഭേദഗതി ചെയ്ത് ഉത്തരവായ സാഹചര്യത്തിൽ പ്രസ്തുത മാനദണ്ഡങ്ങൾ കൂടി പരിശോധിച്ച് പ്രിൻസിപ്പൽമാർക്കും സ്ഥലംമാറ്റ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിശദമായ ഒരു പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**